## കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-680021
e-mail: mailkeraleeyam@gmail.com

# കണ്ടൽ കരിയേട്ടൻ ഒരു കഥാപാത്രമല്ല

**വളർച്ചയുടെയും** വികസനത്തിന്റെയും കൊട്ടിഘോഷങ്ങൾക്കിടയിൽ, നിലനിൽപ്പുപോലും സാധ്യമാകാതെ പലായനം ചെയ്യേണ്ടിവരുന്ന ദളിത് ജനതയുടെ കഥപറയുന്ന 'പാപ്പിലിയോ ബുദ്ധ'എന്ന ജയൻ ചെറിയാൻ ചിത്രം ഉള്ളുലയ്ക്കുന്ന അനുഭവമായി. ചെങ്ങറ, മേപ്പാടി, മുത്തങ്ങ സമരങ്ങളിൽ നിന്നും ശ്രദ്ധയോടെ സ്വീകരിച്ച കഥാസന്ദർഭങ്ങളെ അതിവൈകാരികത ഒട്ടുമില്ലാതെ ചിത്രം അവതരിപ്പിക്കുന്നു.

പശ്ചിമഘട്ട മേഖലകളിൽ കാണുന്ന 'പാപ്പിലിയോ ബുദ്ധ' എന്ന ആകർഷകമായ പൂമ്പാറ്റകളെ അടുത്തറിയാനുള്ള ശ്രമം തനതു ജനവിഭാഗത്തെയും പ്രകൃതിയെ തന്നെയും പൊതുവേ മനസ്സിലാക്കുന്നതിലേക്ക് പുരോഗമിക്കുമ്പോൾ നാളിതുവരെ സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ നാനാതരം പദ്ധതികൾ വഴി തകർത്തുപെയ്ത ആദിവാസി വാത്സല്യവർഷത്തിന്റെ ഭയപ്പെടുത്തുന്ന മുഖമാണ് പുറത്തുവരുന്നത്. വർഷങ്ങളായി നാടുഭരിച്ച ഗാന്ധിസവും മാർക്സിസവും ദളിതരോട് ചെയ്തത് അവരുടെ കിടപ്പാടം കവർന്നെടുക്കുകയെന്നതാണ്. കാട്ടിൽ നിന്നും പ്രകൃതിയെ ഉന്മൂലനം ചെയ്ത രാഷ്ട്രീയ സംഹിതകളിൽ ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ വ്യത്യാസമില്ല. സർക്കാരും പോലീസും കോടതിയും മർദ്ദകൻ മാത്രം. അവർക്കൊപ്പം ക്ഷേമപദ്ധതികളുടെ കഫം തിന്നുവാൻ ആർത്തി പൂണ്ടുനിൽക്കുന്ന എൻ.ജി.ഒകൾ കൂടെ ചേരുമ്പോൾ അധികാര രാഷ്ട്രീയം അരങ്ങുതകർക്കുന്നു. ആദിവാസികൾക്ക് കാടിനുള്ളിലേയ്ക്ക് പോലും രക്ഷപ്പെടാനാവില്ല.

ജാതി, അധികാരം, പണം, ലിംഗം എന്നിവ ദളിത് പീഡനങ്ങളിൽ എങ്ങനെ നിർണ്ണായകമാകുന്നു എന്ന് സിനിമ വ്യക്തമാക്കുന്നുണ്ട്. തനിമ നഷ്ടപ്പെടാതെ, സ്വയംപര്യാപ്തരാകുന്നതിൽ നിന്നും ഇവ എങ്ങനെ ആദിവാസിയെ തടഞ്ഞുനിർത്തുന്നു എന്നും സിനിമ വെളിപ്പെടുത്തുന്നു. നിശ്ചയമായും ഇതൊരു രാഷ്ട്രീയ സിനിമയാണ്. ഇന്ത്യൻ ജനാധിപത്യം എവിടെ എത്തി നിൽക്കുന്നു എന്നതിന്റെ നേർരേഖ. ജനിച്ച സ്ഥലമേതെന്നറിയാത്ത വിധം ആദിവാസി പുനരുദ്ധാരണം പുരോഗമിച്ചിരിക്കുന്നതിന്റെ നേർചിത്രം. ദേശീയ ജനാധിപത്യമോ സോഷ്യലിസ്റ്റ് ജനാധിപത്യമോ എന്നതല്ല, ആദിവാസിയാണോ അല്ലയോ എന്ന ജാതിപ്രശ്നമാണ് പ്രധാനം.

സെൻസർ ന്യായാധിപന്മാർക്ക് അപ്രിയമുണ്ടായതിൽ അത്ഭുതമെന്താണ്? കല്ലേൻ പൊക്കുടൻ അവതരിപ്പിച്ച കണ്ടൽ കരിയൻ എന്ന ഒരൊറ്റ കഥാപാത്രത്തിന്റെ സംഭാഷണങ്ങൾ മാത്രം മതി സെൻസർ കത്രികക്ക് പണികൂടുതലാകാൻ. പ്രേക്ഷകന് നേരെ തിരിച്ചുവച്ച, തീ പിടിച്ച കണ്ണാടിയാണ് ഈ സിനിമ. എല്ലാ വിഗ്രഹങ്ങളെയും വിശേഷണങ്ങളെയും ദൂരെക്കളയാൻ അത് ആഹ്വാനം ചെയ്യുന്നു. അവ ഗാന്ധിയായാലും, ഇ.എം.എസ്സായാലും, അംബേദ്കറായാലും. കരിയേട്ടനും മഞ്ജുശ്രീയും ശങ്കരനുമാണ് സമൂഹത്തിലെ അടിസ്ഥാന ജിഹ്വകൾ, അവർ കഥാപാത്രങ്ങളേയല്ല.

**കെ.ആർ. അജിതൻ, ചേറൂർ, തൃശൂർ**

## കണ്ടത് പറയാം

**ഡേവിസ് വളർക്കാവ്** എഴുതുന്ന പംക്തി

# കുമാരികൽപ്പം

**രാജ്യത്തെ** കുമാരിമാർക്ക് പോഷകാഹാര കുറവെന്ന് പഠനങ്ങൾ പറയുന്നു. പരിഹാരമായി പ്രത്യേക പോഷകാഹാര പരിപാടി കേന്ദ്രത്തിൽ നിന്നും വരുന്നു. മൂന്ന് വയസ്സുമുതൽ 14 വയസ്സുവരെയുള്ള പെൺകുട്ടികൾക്കാണ് പ്ലാൻ ചെയ്യുന്നത്. എങ്ങനെ പോഷകം ഉണ്ടാകും? അതിനുപറ്റിയ ഭക്ഷണം കഴിക്കാതെ പോഷകം ഉണ്ടാകില്ല. പകരം അയേൺ, ഫോളിക് ആസിഡ് ഗുളികകൾ നൽകിയാൽ ഫലമില്ല. കഴിച്ചവർക്ക് കറുത്ത കാഷ്ടം ഇടാം, ആടിനെപ്പോലെ. പണ്ട് ധാരാളം പച്ചക്കറികൾ എല്ലാ വീട്ടിലും ഉണ്ടായിരുന്നു. ഭക്ഷണത്തിലും പലതരം പച്ചക്കറികൾ ഉൾപ്പെട്ടിരുന്നു. ഇന്ന് അതില്ലാതെയായി. പുറമെ നിന്ന് കിട്ടുന്നത് ഫാക്ടറിവളം തിന്നതും. പിന്നെയെങ്ങിനെ പോഷകം കിട്ടും. വേവിക്കാത്ത പലതരം പച്ചക്കറികൾ കഴിക്കാത്ത ആർക്കും പോഷകാഹാരം ലഭിക്കാൻ വഴികളില്ല. ഗുളികകൾ പരിഹാരമല്ല. ആരാ ആ ചിരിക്കുന്നേ... മരുന്നുകമ്പനിക്കാരനാ...